14
സെപ്റ്റംബർ 2017 വ്യാഴം
1193 ചിങ്ങം 29
തിരുവനന്തപുരം

കേരള കൗമുദി

SINCE 1911

FOUNDER EDITOR: K. SUKUMARAN B.A

106 വർഷങ്ങൾ
4 തലമുറകൾ

14 പേജ് ₹ 6.50

THIRUVANANTHAPURAM | KOLLAM | PATHANAMTHITTA | ALAPUZHA | KOTTAYAM | KOCHI | THRISSUR | KOZHIKODE | KANNUR | BENGALURU www.keralakaumudi.com www.facebook.com/keralakaumudi

ഒറ്റനോട്ടം

സംസ്ഥാനത്തിന്റെ വാണിജ്യനേട്ടമെന്തെന്ന് ഹൈക്കോടതി
പേജ് 7

കരുണ എസ്റ്റേറ്റിന്റെ നികുതി സ്വീകരിക്കില്ല
പേജ് 8

ഭീകരർ ഉപദ്രവിച്ചില്ല: ഫാ. ഉഴുന്നാലിൽ
പേജ്10

വേങ്ങര: ലീഗിൽ സ്ഥാനാർത്ഥിപ്പട
പേജ് 7

പ്രവാസി വിവാഹ രജിസ്ട്രേഷന് ആധാർ വേണം

ന്യൂഡൽഹി: ഇന്ത്യയിൽ പ്രവാസി വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് ആധാർ നിർബന്ധമാക്കണമെന്ന് വിദേശകാര്യ മന്ത്രാലയത്തോട് വിവിധ മന്ത്രാലയങ്ങൾ ഉൾപ്പെട്ട ഉപസമിതി ശുപാർശ ചെയ്തു.

വിദേശത്ത് സ്ത്രീകൾ ഗാർഹിക പീഡനത്തിനും സ്ത്രീധന പീഡനത്തിനും ഇരയാവുന്ന സാഹചര്യത്തിലാണ് ശുപാർശ. വിവിധ രാജ്യങ്ങളുമായി ഏർപ്പെട്ടിട്ടുള്ള കുറ്റവാളികളെ കൈമാറൽ കരാറിൽ മാറ്റം വരുത്തണമെന്നും ശുപാർശയുണ്ട്.

ഗാർഹിക പീഡനക്കേസിൽ ഉൾപ്പെടുന്നവരെയും രാജ്യത്ത് എത്തിക്കാൻ കഴിയുംവിധം മാറ്റം വരുത്തണമെന്നാണ് ആവശ്യം.

തീരക്കാറ്റ് ശക്തമാവും

തിരുവനന്തപുരം: തിരുവനന്തപുരം, കൊല്ലം, കോട്ടയം ജില്ലകളിലെ ചില സ്ഥലങ്ങളിൽ ഇന്ന് ഇടിയോടുകൂടിയ മഴയുണ്ടായേക്കും. കേരള തീരത്തും ലക്ഷദ്വീപിലും കാറ്റ് ശക്തിപ്പെടും.

പടിഞ്ഞാറൻ ദിശയിൽ നിന്ന് മണിക്കൂറിൽ 45 മുതൽ 55 കിലോമീറ്റർ വേഗത്തിൽ കാറ്റടിക്കും. പുറങ്കടലിലും കാറ്റ് ശക്തമായിരിക്കും. മത്സ്യബന്ധനത്തൊഴിലാളികൾ ജാഗ്രത പാലിക്കണമെന്ന് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം അറിയിച്ചു.

തലവര

പെട്രോൾ വില താമസിയാതെ കുറയും: കേന്ദ്ര പെട്രോളിയം മന്ത്രി

പറ്റിക്കാൻ വേണ്ടിയാണെങ്കിലും ആരോടും ഇങ്ങനെയൊന്നും പറയരുത് സാറേ...

ഇന്ധന വില കുതിയ്ക്കുമ്പോഴും ജനങ്ങളെ പിഴിയുന്നതിൽ

കേന്ദ്രവും സംസ്ഥാനവും മച്ചാൻ കളിക്കുന്നു

■ വില നിർണയത്തിൽ ഇടപെടില്ലെന്ന് കേന്ദ്രം
■ ജി.എസ്.ടിയുടെ കീഴിൽ കൊണ്ടുവരണമെന്ന് മന്ത്രി

ന്യൂഡൽഹി : പെട്രോളിന്റെയും ഡീസലിന്റെയും വില സർവകാല റെക്കാഡും ഭേദിച്ച് മുന്നേറുമ്പോഴും ജനങ്ങളെ നികുതിയിലൂടെ പിഴിയുന്നതിൽ കേന്ദ്രവും സംസ്ഥാന സർക്കാരുകളും കണ്ണടച്ച് മച്ചാനും മച്ചാനും കളിക്കുന്നു.

ഇന്ധന വില എല്ലാ ദിവസവും മാറിമറിഞ്ഞ് ഉയരുന്നതിനാൽ ഇതിനെക്കുറിച്ച് വേണ്ട രീതിയിൽ ജനങ്ങളും ബോധവാന്മാരല്ല. മൂന്ന് വർഷത്തിനിടയിൽ ഇന്ധന വില ഏറ്റവും ഉയർന്നതോതിലെത്തിയിട്ടും ഒരൊറ്റ പ്രതിഷേധം പോലും നാട്ടിൽ നടന്നിട്ടില്ല.

നേരത്തേ പെട്രോൾ വില 3 രൂപ കൂടിയാൽ പോലും പ്രതിപക്ഷ കക്ഷികളും ജനങ്ങളും പ്രതിഷേധവുമായി തെരുവിലിറങ്ങുമായിരുന്നു. ഇന്ധനവിലയുടെ പകുതിയും നികുതിയായി ചോർത്തുന്ന കേന്ദ്ര, സംസ്ഥാന സർക്കാരുകൾ ക്രൂഡ് ഓയിൽ വില വർദ്ധനയെന്ന് പറഞ്ഞ് കണ്ണടച്ച് ഇരുട്ടാക്കാൻ നടത്തുന്ന ശ്രമം അധിക നാൾ നീളില്ല എന്നാണ് ഈ രംഗത്തെ വിദഗ്ധർ ചൂണ്ടിക്കാട്ടുന്നത്.

ഒരു പക്ഷേ ഇത് അധികകാലം മറച്ച് വയ്ക്കാൻ കഴിയില്ലെന്ന വീണ്ടുവിചാരത്തിൽ നിന്നാവും ഇന്നലെ കേന്ദ്ര പെട്രോളിയം മന്ത്രി ധർമ്മേന്ദ്ര പ്രധാൻ പെട്രോളിയം ഉത്പന്നങ്ങളെ ജി.എസ്.ടിപരിധിയിൽകൊണ്ടുവരണമെന്ന് അഭിപ്രായപ്പെട്ടത്. പക്ഷേ ഇതിന് സംസ്ഥാനങ്ങളുടെ കടുത്ത എതിർപ്പുണ്ടാകും. അതേസമയം പ്രതിദിനം വിലനിശ്ചയിക്കുന്ന എണ്ണക്കമ്പനികളുടെ രീതിയിൽ സർക്കാർ ഇടപെടില്ലെന്നും മന്ത്രി വ്യക്തമാക്കി.

അന്താരാഷ്ട്ര വിപണിയിലെ നിരക്ക് അനുസരിച്ച് രണ്ടാഴ്ച കൂടുമ്പോൾ വില നിശ്ചയിച്ചുകൊണ്ടിരുന്ന രീതി മാറ്റി ജൂൺ 15 മുതൽ പ്രതിദിന വില നിർണയത്തിലേക്ക് മാറിയതോടെയാണ് എണ്ണ വില കുത്തനെ ഉയരാൻ തുടങ്ങിയത്.

അയൽരാജ്യ വില ഇങ്ങനെ

സ്ഥലം	പെട്രോൾ വില	ഡീസൽ വില
പാകിസ്ഥാൻ	40.82 രൂപ	40.43 രൂപ
ശ്രീലങ്ക	49.80 രൂപ	46.72 രൂപ
നേപ്പാൾ	61.88 രൂപ	47.15 രൂപ
ബംഗ്ലാദേശ്	69.16 രൂപ	52.7 രൂപ

പ്രധാന നഗരങ്ങളിലെ വില

	പെട്രോൾ,	ഡീസൽ
മുംബയ്	79.48	62.37
കൊൽക്കത്ത	73.12	61.37
ചെന്നൈ	79.15	61.84

ജി.എസ്.ടി നടക്കില്ല

പെട്രോളിയം ഉത്പന്നങ്ങൾ ജി.എസ്.ടിയുടെ പരിധിയിൽ കൊണ്ടുവരണമെന്ന് മന്ത്രി അഭിപ്രായപ്പെട്ടെങ്കിലും അത് അപ്രായോഗികമാണെന്നാണ് വിലയിരുത്തൽ. തീരുമാനമെടുക്കേണ്ടത് ജി.എസ്.ടി കൗൺസിലാണ്. പെട്രോളിയം ഉത്പന്നങ്ങളും മദ്യവും ജി.എസ്.ടിയുടെ പരിധിയിൽ കൊണ്ടുവരില്ലെന്ന കേന്ദ്ര സർക്കാരിന്റെ ഉറപ്പിന്മേലാണ് ജി.എസ്.ടി നടപ്പാക്കിയത്. സംസ്ഥാനങ്ങളുടെ അംഗീകാരമില്ലാതെ ഇക്കാര്യത്തിൽ കൗൺസിലിന് തീരുമാനമെടുക്കാൻ കഴിയില്ല.

പെട്രോൾ

(തിരുവനന്തപുരം വില)
- അസംസ്കൃത വില - ₹20.69
- പ്രവേശന നികുതി - 14.5%
- വിപണന കമ്പനികളുടെ ലാഭം - ₹3.31
- ശുദ്ധീകരിച്ച പെട്രോൾ വില - ₹29.53
- കേന്ദ്ര എക്സൈസ് നികുതി - ₹21.48
- പമ്പുകളുടെ കമ്മിഷൻ - ₹2.67
- സംസ്ഥാന വില്പന നികുതി - 34.06%

ആകെ വില - ₹74.22

ഡീസൽ

(തിരുവനന്തപുരം വില)
- അസംസ്കൃത വില - ₹20.69
- പ്രവേശന നികുതി - 14.5%
- വിപണന കമ്പനികളുടെ ലാഭം - ₹2.55
- ശുദ്ധീകരിച്ച ഡീസൽ വില - ₹29.12
- കേന്ദ്ര എക്സൈസ് നികുതി - ₹17.33
- പമ്പുകളുടെ കമ്മിഷൻ - ₹2.03
- സംസ്ഥാന വില്പന നികുതി - 26.90%

ആകെ വില - ₹63.85

മോദിയുടെ സ്വന്തം ആബെ

ഇന്ത്യാ സന്ദർശനത്തിനെത്തിയ ജപ്പാൻ പ്രധാനമന്ത്രി ഷിൻസോ ആബെയും ഭാര്യ അകി ആബെയും പ്രധാനമന്ത്രി നരേന്ദ്രമോദിക്കൊപ്പം അഹമ്മദാബാദിൽ റോഡ് ഷോയ്ക്കിടെ

- ജപ്പാൻ പ്രധാനമന്ത്രിക്ക് ഉജ്ജ്വല വരവേല്പ്
- മോദി വിമാനത്താവളത്തിൽ നേരിട്ടെത്തി സ്വീകരിച്ചു
- ഇന്ത്യൻ വേഷത്തിൽ ആബെയും പത്നിയും
- ഇന്ത്യയിലെ ആദ്യത്തെ ബുള്ളറ്റ് ട്രെയിനിന് ഇന്ന് ശിലാസ്ഥാപനം

വിശദവാർത്ത പേജ് 10

ഗൗരി ലങ്കേഷിന്റെ സഹോദരനെ ചോദ്യം ചെയ്തു

ബംഗളൂരു: മുതിർന്ന മാദ്ധ്യമപ്രവർത്തക ഗൗരി ലങ്കേഷ് കൊല്ലപ്പെട്ട കേസിൽ സഹോദരൻ ഇന്ദ്രജിത്ത് ലങ്കേഷിനെ പ്രത്യേക അന്വേഷണസംഘം ചോദ്യം ചെയ്തു. ഇന്ദ്രജിത്ത് തോക്കു ചൂണ്ടി ഭീഷണിപ്പെടുത്തിയെന്ന 2006ൽ ഗൗരി പരാതി നൽകിയിരുന്നു. സ്വത്തു തർക്കത്തെത്തുടർന്നുള്ള പ്രശ്നങ്ങൾക്കിടെയാണ് ഇന്ദ്രജിത്ത് ഗൗരിയെ തോക്കു ചൂണ്ടി ഭീഷണിപ്പെടുത്തിയത്. പിതാവ് പി. ലങ്കേഷിന്റെ മരണത്തെത്തുടർന്ന് 'ലങ്കേഷ് പത്രിക'യുടെ ഉടമസ്ഥാവകാശം സംബന്ധിച്ചാണ സഹോദരങ്ങൾക്കിടയിൽ തർക്കം ഉടലെടുത്തത്. അതേസമയം തോക്കിന ലൈസൻസ് ഇല്ലെന്ന് ഇന്ദ്രജിത്ത് പൊലീസിനോടു സമ്മതിച്ചതായാണവിവരം. ഗൗരിയുടെ സഹോദരി കവിതയെയും മാതാവ് ഇന്ദിരയെയും അന്വേഷണ സംഘം ചോദ്യം ചെയ്തു. കുടുംബത്തിനുനേർക്കുള്ള ഭീഷണി അവസാനിക്കാത്ത സാഹചര്യത്തിൽ രാജരാജേശ്വരി നഗറിലെ വീട്ടിലേക്കുള്ള പതിവു വഴി മാറി സഞ്ചരിക്കാൻ പൊലീസ് ലങ്കേഷ് കുടുംബാംഗങ്ങളോടു നിർദ്ദേശിച്ചിട്ടുണ്ട്.

ഗൗരി ലങ്കേഷിനെ വധിക്കാൻ ഉപയോഗിച്ച തോക്കിന്റെ ഉറവിടമാണ പ്രത്യേക അന്വേഷണ സംഘം ഇപ്പോൾ അന്വേഷിക്കുന്നത്. വീട്ടിൽനിന്നും നഗരത്തിലെടോൾ ബൂത്തുകളിൽനിന്നുമുള്ള സി.സി.ടിവി ദൃശ്യങ്ങളും സംഘം പരിശോധിക്കുന്നുണ്ട്. ബൈക്കിലെത്തിയ അക്രമിസംഘം ഗൗരിയെ കൊലപ്പെടുത്തുന്നതിനുമുൻപുവീടിനുപരിസരത്തെത്തി സാഹചര്യങ്ങൾ വീക്ഷിച്ചിട്ടുണ്ടാകാമെന്നാണ് അന്വേഷണ സംഘത്തിന്റെ നിഗമനം.

നാദിർഷ ഹാജരാകണം, അറസ്റ്റ് പാടില്ല

നിയമകാര്യ ലേഖകൻ

കൊച്ചി : നടിയെ ആക്രമിച്ച സംഭവത്തിന്റെ ഗൂഢാലോചനക്കേസിൽ സംവിധായകൻ നാദിർഷ നാളെ രാവിലെ 10ന് അന്വേഷണ ഉദ്യോഗസ്ഥൻ മുമ്പാകെ ഹാജരാകണമെന്ന് ഹൈക്കോടതി നിർദേശിച്ചു. മുൻകൂർ ജാമ്യ ഹർജി 18 ന് വീണ്ടും പരിഗണിക്കും. അതുവരെ അറസ്റ്റ് ഉണ്ടാവില്ല.

ഇന്നലെ നാദിർഷയുടെ മുൻകൂർ ജാമ്യാപേക്ഷ പരിഗണിച്ചപ്പോൾ അദ്ദേഹം നിലവിൽ പ്രതിയല്ലെന്നും അറസ്റ്റുചെയ്യാൻ ഉദ്ദേശ്യമില്ലെന്നും പ്രോസിക്യൂഷൻ ഡയറക്ടർ ജനറൽ ബോധിപ്പിച്ചു. നാദിർഷയെ നേരത്തേ ചോദ്യം ചെയ്തിരുന്നു. വസ്തുതകളിൽ കൂടുതൽ വ്യക്തത വരുത്താനാണ് വീണ്ടും ഹാജരാകാൻ നിർദ്ദേശിച്ചതെന്നും പ്രോസിക്യൂഷൻ വിശദീകരിച്ചു.

അന്വേഷണവുമായിസഹകരിച്ചില്ലെങ്കിൽ തുടർ നടപടി വേണ്ടിവരുമെന്നും കോടതി വ്യക്തമാക്കിയിട്ടുണ്ട്.

സിനിമാ തിരക്കഥയോ ?

ഹർജി പരിഗണിക്കുന്നതിനിടെ, നടിയെ ആക്രമിച്ച കേസിൽ അന്വേഷണം നീളുന്നതു ചൂണ്ടിക്കാട്ടി പൊലീസിനെ ഹൈക്കോടതി വാക്കാൽ വിമർശിച്ചു. ഫെബ്രുവരിയിൽ തുടങ്ങിയ അന്വേഷണം ഇപ്പോഴും തുടരുന്നു.

ഓരോ മാസവും ഓരോരുത്തരെ ചോദ്യം ചെയ്യുകയാണോ? ഏഴു മാസമായിട്ടും അന്വേഷണം എവിടെയും എത്തിയില്ലേ ? ഇതെന്താ കേസന്വേഷണമോ സിനിമാതിരക്കഥയോ? ഹൈക്കോടതി ചോദിച്ചു.

അന്വേഷണം രണ്ടാഴ്ചയ്ക്കുള്ളിൽ പൂർത്തിയാക്കുമെന്ന് പ്രോസിക്യൂഷൻ ഡയറക്ടർ ജനറൽ വിശദീകരിച്ചു.

ഹെൽമറ്റ് വേട്ടയും മദ്യപിച്ച വാഹനമോടിക്കുന്നത് പിടിക്കലുമൊക്കെയാണ് പൊലീസിന്റെ ജോലി.

ക്രിമിനൽ കേസന്വേഷണമില്ല. ബുദ്ധിപരവും ശാസ്ത്രീയവുമായ അന്വേഷണം നടക്കുന്നില്ല. - ഹൈക്കോടതി വാക്കാൽ പറഞ്ഞു.

ദമ്പതികളുടെ അരുംകൊല

മരുമകളുടെ ജാരൻ പിടിയിൽ

പാലക്കാട്: തോലന്നൂരിൽ വൃദ്ധദമ്പതികളെ ക്രൂരമായികൊലപ്പെടുത്തിയ കേസിൽ മരുമകളുടെരഹസ്യബന്ധക്കാരനും സുഹൃത്തുമായ ഒരാൾ പൊലീസ് പിടിയിൽ. തോലന്നൂർ പൂളക്കപറമ്പിൽറിട്ട. ആർമിഉദ്യോഗസ്ഥൻ സ്വാമിനാഥൻ (75), ഭാര്യ പ്രേമകുമാരി (63) എന്നിവരെയാണ്വീടിനുള്ളിൽഇന്നലെപുലർച്ചെകൊല്ലപ്പെട്ടനിലയിൽ കണ്ടെത്തിയത്.

സംഭവത്തിൽ മരുമകൾ ഷീജയുടെ സുഹൃത്തും മങ്കരയിൽ സ്ഥിരതാമസക്കാരനുമായ എറണാകുളം വടക്കൻ പറവൂർ സ്വദേശി സദാനന്ദനെയാണ്(53) പൊലീസ്കസ്റ്റഡിയിലെടുത്തത്. കൂലിപ്പണിക്കാരനായ ഇയാൾക്ക് പത്തു വർഷമായി ഷീജയുമായി ബന്ധമുണ്ടായിരുന്നു. ഡിവൈ.എസ്.പി.പി.ശശികുമാറിന്റെനേതൃത്വത്തിൽ കുഴൽമന്ദം, ആലത്തൂർ സി.ഐമാരും എസ്.പിയുടെ ക്രൈംസ്വാഡുംചേർന്നാണ്പ്രതിയെ പിടികൂടിയത്.

ഇന്നലെ രാവിലെ ഏഴോടെ പാൽ വില്പനയ്ക്കെത്തിയ അയൽക്കാരി രാജലക്ഷ്മിയാണ് സംഭവം ആദ്യമറിയുന്നത്. പാൽപാത്രം സ്ഥിരം വയ്ക്കുന്ന സ്ഥലത്ത് കണ്ടില്ല. അവർ വീടിന്റെപിന്നിൽ പോയിനോക്കിയപ്പോൾ ഷീജയെ (35) വായ മൂടിയും കൈകൾ കെട്ടിയ നിലയിലും കണ്ടെത്തി. തുടർന്ന് സ്ഥലത്തെത്തിയ സ്വാമിനാഥന്റെ സഹോദരൻ ചന്ദ്രനും നാട്ടുകാരുമാണ് വിവരം പൊലീസിനെ അറിയിക്കുന്നത്.

സ്വാമിനാഥനെ ചുറ്റികകൊണ്ട് തലയ്ക്കടിച്ചും വയറ്റിൽ വെട്ടിയുമാണ് കൊലപ്പെടുത്തിയത്. പ്രേമകുമാരിയെ തലയിണകൊണ്ട് കഴുത്തുഞെരിച്ച് കൊലപ്പെടുത്തുകയായിരുന്നുവെന്ന് അന്വേഷണത്തിന് മേൽനോട്ടം വഹിച്ച ഐ.ജി എം.ആർ.അജിത് കുമാർ അറിയിച്ചു. കൃത്യത്തിന് ശേഷം വീടിനുള്ളിൽ മുളകുപൊടി വിതറി. ഷീജയും സദാനന്ദനും തമ്മിലുള്ള സാമ്പത്തിക ഇടപാടുകളും പൊലീസ് അന്വേഷിക്കും. ബാങ്ക് സ്റ്റേറ്റ്മെന്റ്, സ്വർണഷണയം എന്നിവ സംബന്ധിച്ചുള്ള തെളിവുകൾ പൊലീസ് ശേഖരിക്കും. ഇതിന് ശേഷം ഇരുവരുടെയും അറസ്റ്റ്രേഖപ്പെടുത്തും. സ്വാമിനാഥന്റെ മക്കൾ: പ്രദീപ് കുമാർ (മിലിട്ടറി, ഗുജറാത്ത്), പ്രമോദ് കുമാർ (ദുബായ്), പ്രസീത. മരുമക്കൾ: ഷീജ, പ്രവീണ, പ്രസാദ് കുമാർ (കണ്ണാടി).

മരിച്ച പ്രേമകുമാരി, സ്വാമിനാഥൻ

പൊലീസ് പിടിയിലായ സദാനന്ദൻ

ആശുപത്രിയിൽ ചികിത്സയിലുള്ള ഷീജ

വാതിൽ അകത്ത് നിന്ന് തുറന്നുകൊടുത്തു

സദാനന്ദനും ഷീജയും ചേർന്ന് ആസൂത്രിതമായാണ് കൃത്യം നിർവഹിച്ചതെന്ന നിഗമനത്തിലാണ് പൊലീസ്. ഷീജയ്ക്ക് സദാനന്ദനുമായുള്ള ബന്ധം വീട്ടുകാർ അറിഞ്ഞതാണ്കൊലപാതകത്തിലേക്ക് നയിച്ചത്.

വീടിന്റെ വാതിൽ അകത്ത് നിന്ന് തുറന്നുകൊടുത്ത നിലയിലായിരുന്നു. വീടിനകത്ത് വസ്തുക്കളെല്ലാം വാരിവലിച്ചിട്ടുണ്ടെങ്കിലും മോഷണം നടന്നതിന്റെ സൂചനയില്ല. മാത്രമല്ല, കെട്ടിയിട്ട നിലയിൽ കണ്ടെത്തിയ ഷീജയുടെ ദേഹത്ത് പരിക്കൊന്നുംഇല്ലാത്തതും അസ്വാഭാവികമായി പൊലീസ് കണക്കാക്കി. ഷീജയുടെ മൊബൈലിൽ നിന്ന് ലഭിച്ച വിവരങ്ങൾ പിന്തുടർന്നാണ് സദാനന്ദനിലേക്ക് പൊലീസ് അതിവേഗമെത്തിയത്.

ഷീജ ജില്ലാ ആശുപത്രിയിൽ ചികിത്സയിലാണ്. ഇന്നലെ ഇവർ അടുത്ത ബന്ധുക്കളോട് പോലും സംസാരിച്ചില്ല. എറണാകുളം ജില്ലയിൽ സ്ഥാപക വസ്തു കൈവശം വച്ച കേസിലും സദാനന്ദൻ പ്രതിയാണ്.

പരാതി നൽകിയിട്ടും പൊലീസ് ഗൗനിച്ചില്ല പേജ് 7

സ്മരണാഞ്ജലി
രണ്ടാം ചരമവാർഷികം
(14.09.2017)

മംഗലത്തുകോണം ബി. കൃഷ്ണൻ
'ധീരേന്ദ്ര', മംഗലത്തുകോണം, ബാലരാമപുരം, Tvpm.
ഭാര്യ: എം. കസ്തൂരി കൃഷ്ണൻ,
മക്കൾ: കെ.കെ. ഇന്ദുലേഖ,
അഡ്വ. കെ.കെ. ധീരേന്ദ്ര കൃഷ്ണൻ (ഹൈക്കോടതി),
മരുമക്കൾ: ആർ. അനിൽ (അസിസ്റ്റന്റ് എൻജിനിയർ, KWA),
സി.ജി. റീത്ത (സെക്യൂരിറ്റി കോ-ഓർഡിനേറ്റർ, ശ്രീലങ്കൻ എയർലൈൻസ്),
ചെറുമക്കൾ: എ. അഥിൻ, എ. ഹർഷിത,
ഡി.ആർ. ധാമിനി കൃഷ്ണ, ഡി.ആർ. ദർശൻ കൃഷ്ണ.
മംഗലത്തുകോണം കൃഷ്ണൻ മെമ്മോറിയൽ ട്രസ്റ്റ് ഭാരവാഹികൾ